(ബി) മുദാക്കൽ വില്ലേജിൽപ്പെട്ട 266 പേർക്കു തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട്. അതിൽ പുരുഷൻമാർ—111, സ്ത്രീകൾ—155.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 1980–ലെ തൊഴിലില്ലായ്മ വേതന പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിൽ നിന്നും 299 പേർ അപേക്ഷിച്ചിരുന്നു. എന്നാൽ വേതനം പ്രൈമറി സൊസൈറ്റി വഴി വിതരണം ചെയ്തിരുന്നതിനാൽ ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

മടവൂർ പഞ്ചായത്തിൽ നൽകിയ തൊഴിലില്ലായ്മ വേതനം

1287 [2312] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ മടവൂർ പഞ്ചായത്തിൽനിന്നും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിനുവേണ്ടി 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഈ പഞ്ചായത്തിൽ എത്ര പേർക്കു തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ടെന്നും അതിൽ പുരുഷൻമാരെത്ര; സ്ത്രീകൾ എത്ര എന്നും വ്യക്തമാക്കാമോ;

(സി) ബാക്കി അപേക്ഷകൾക്കുകൂടി തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി ഈ പഞ്ചായത്തിൽ നിന്നും എത്ര അപേക്ഷകർ ഉണ്ടായിരുന്നുവെന്നും, അതിൽ എത്രപേർക്കു വേതനം അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മടവൂർ വില്ലേജിൽ നിന്നും 1986 ജൂൺ 30 വരെ 284 അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) മടവൂർ വില്ലേജിൽപ്പെട്ട 166 പേർക്കു വേതനം നൽകിയിട്ടുണ്ട്. അതിൽ 81 പുരുഷൻമാർ, 85 സ്ത്രീകൾ.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 1980–ലെ തൊഴിലില്ലായ്മ വേതന പദ്ധതിക്കു ഈ പഞ്ചായത്തിൽനിന്നും 109 പേർ അപേക്ഷിച്ചിരുന്നു. കോ–ഓപ്പറേറ്റീവ് സൊസൈറ്റിവഴി വിതരണം നടന്നിരുന്നതിനാൽ ഇതു സംബന്ധിച്ച് കണക്കുകൾ ലഭ്യമല്ല.

പഴയകുന്നുമ്മേൽ പഞ്ചായത്തിലെ തൊഴിലില്ലായ്മാ വേതനം

1288 [2313] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ നിന്നും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിനുവേണ്ടി 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly